പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : റ്റി-2500

19/03/2015 -ൽ
മറുപടിയ്ക്ക്

ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ദേവസ്വം റിക്രൂട്ട് മെൻറ് ബോർഡ് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | എങ്കിൽ ബോർഡിൻെറ ഘടന യെന്താണ്; ബോർഡ് രൂപീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | ബി) | ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹിന്ദുമതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരുമായ അഞ്ച് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഗവൺമെൻറ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതും മറ്റ് അംഗങ്ങളിൽ ഒരാൾ വനിതയും പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോ ഉള്ള ആൾ ആയിരിക്കേണ്ടതുമാണ്. ഇതിൻപ്രകാരം 13/03/2015 -ലെ സ.ഉ.(പി) നം. 104/2015/ആർഡി (എസ്.ആർ.ഒ. 125/2015) നോട്ടിഫിക്കേഷൻ അനുസരിച്ച് ചെയർമാനെയും അംഗങ്ങളെയും നാമനിർദ്ദേശം ചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| സി) | ദേവസ്വം ബോർഡിനു കീഴിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിടാതെ പ്രത്യേക റിക്രൂട്ട്മെൻറ് ബോർഡ് രൂപീകരിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ; | സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികളെ കുറിച്ച് അന്വേഷിക്കുവാൻ 2007 -ൽ ബഹു. ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻെറ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്ക് വേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് വേണമെന്ന് ശുപാർശ ചെയ്തിരുന്നു. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് യോജിക്കുന്നുവെന്ന് |

| | | | |
|---|---|---|---|
| | | | അന്നത്തെ സർക്കാരും ദേവസ്വം ബോർഡും ഹൈക്കോടതിയെ അറിയിക്കുകയും 25/08/2008 –ലെ വിധിന്യായത്തിൽ കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സെക്കുലർ സ്ഥാപനമായ പി.എസ്.സി ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യവും സർക്കാർ പരിഗണിച്ചിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദ് ചെയ്ത് ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചത്. |
| ഡി) | ദേവസ്വം ജീവനക്കാരുടെ നിയമനങ്ങളിൽ പി.എസ്.സി. ചട്ടങ്ങൾക്കനുസൃതമായി പട്ടികജാതി–പട്ടികവർഗ്ഗ–മറ്റ് പിന്നോക്ക സമുദായക്കാർക്ക് സംവരണം ഉറപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | ഡി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖാന്തിരം നടത്തുന്ന നിയമനങ്ങളിൽ ഹിന്ദു സമുദായത്തിൽപ്പെട്ട പട്ടികജാതിപട്ടികവർഗ്ഗ മറ്റു പിന്നോക്ക സമുദായങ്ങൾക്ക് സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ